*ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയം*
*ഹൗസിങ് ബോർഡ് ബിൽഡിങ്സ്*
*ശാന്തിനഗർ തിരുവനന്തപുരം 1*

**ICT Cell/4433/ SWS/HSE/2011** **16th May 2011**

## ഏകജാലകപ്രവേശനം 2011:

## Differently Abled അപേക്ഷകളിലെ റഫറൻസ് നമ്പർ

വിഭിന്നശേഷിവിഭാഗത്തിലെ വിദ്യാർത്ഥികളുടെ അപേക്ഷകളുടെ ഓൺ ലൈൻ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ചുരുക്കം ചില സ്കൂളുകളിൽ നിന്ന് ചില സംശയങ്ങൾ ഉന്നയിക്കുന്നുണ്ട്. ഇതു സംബന്ധിച്ച വിശദീകരണം താഴെ സൂചിപ്പിക്കുന്നു.

വിഭിന്നശേഷിവിഭാഗത്തിന്റെ അപേക്ഷാരജിസ്ട്രേഷനുമായി ബന്ധപ്പെട്ട പൂർണവിവരങ്ങൾ 2011 ലെ പ്രോസ്പെക്ടസിൽ നൽകിയിട്ടുണ്ട്. അപേക്ഷാഫാറത്തിലെ കോളം 13 (ബി) യിൽ സൂചിപ്പിക്കുന്ന റഫറൻസ് നമ്പർ വിദ്യാർത്ഥി ഹാജരാക്കുന്ന Disability Certificate ന്റെ നമ്പരല്ല. Disability Certificate ന്റെ വെരിഫിക്കേഷൻ നടത്തുന്നത് ഇതിനായി നിയോഗിച്ച ജില്ലാതല സമിതിയാണ്. വെരിഫിക്കേഷൻ നടത്തിയശേഷം വെബ്സൈറ്റിൽ നിന്ന് ജെനറേറ്റ് ചെയ്ത് വിദ്യാർത്ഥിക്ക് നൽകുന്ന വെരിഫിക്കേഷൻ റിപ്പോർട്ടിലെ റഫറൻസ് നമ്പരാണ് മുകളിൽ സൂചിപ്പിച്ച കോളത്തിൽ രേഖപ്പെടുത്തേണ്ടത്. പ്രായോഗിക പരീക്ഷകളുള്ള വിഷയങ്ങൾക്ക് ഓപ്ഷൻ നൽകുന്ന ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്പെഷ്യലിസ്റ്റ് ഡോക്ടർ ഉൾപ്പെടുന്ന ജില്ലാതലസമിതിയായിരിക്കും സർട്ടിഫിക്കറ്റ് നൽകുക. മറ്റുള്ളവരുടെ Disability Certificateന്റെ വെരിഫിക്കേഷന് ഡോക്ടറുടെ സാന്നിധ്യം നിർബന്ധമില്ല. ജില്ലാ സമിതിയിലെ ഏതെങ്കിലും അംഗം വെരിഫിക്കേഷൻ റിപ്പോർട്ട് നൽകിയാൽ മതി. മുകളിൽ സൂചിപ്പിച്ച രണ്ടു തരത്തിലുള്ള സർട്ടിഫിക്കറ്റുകളും വെബ്സൈറ്റിൽ നിന്നാണ് ജെനറേറ്റ് ചെയ്യേണ്ടത്. അപേക്ഷ സമർപ്പിക്കേണ്ട അവസാന ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റ്/വെരിഫിക്കേഷൻ റിപ്പോർട്ട് ഹാജരാക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് അതിനുള്ള അവസരം നൽകുന്നതാണ്.

സ്കൂളുകളിൽ പൂരിപ്പിച്ച അപേക്ഷകളുടെ സ്വീകരണം മേയ് 16ന് വൈകിട്ട് 5ന് അവസാനിക്കും. അപേക്ഷകളുടെ വില്പനയും, പൂരിപ്പിച്ച ഫാറങ്ങളുടെ സ്വീകരണവും സംബന്ധിച്ച അതത് ദിവസത്തെ വിശദാംശങ്ങൾ അഡ്മിഷൻ വെബ്സൈറ്റിലേക്ക് നിർബന്ധമായി അപ്ഡേറ്റ് ചെയ്യണം. സ്കൂളിൽ ലഭിച്ച അപേക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ നടപടികൾക്കുള്ള സമയപരിധി മേയ് 20ന് അവസാനിക്കും.

ഒപ്പ്
ഡയറക്ടർ